# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 5**

---

## എം.ജിയിൽ ഓണേഴ്സ് ബിരുദം; രജിസ്ട്രേഷൻ രണ്ടു ദിവസം കൂടി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ നാളെ(ജൂൺ ഏഴ്) അവസാനിക്കും.

https://cap.mgu.ac.in/ പോർട്ടൽ മുഖേനയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. അഫിലിയേറ്റഡ് കോളജുകളിലെ ഹെൽപ്പ് ഡസ്കുകളുടെ സേവനം പ്രയോജനപ്പെടുത്താം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്ക് ഓൺലൈനിൽ അപേക്ഷ നൽകണം. സർവകലാശാലയാണ് അലോട്ട്മെൻറ് നടത്തുക. അതത് കമ്മ്യൂണിറ്റിയിൽ പെട്ട കോളജുകളിലേക്കാണ് അപേക്ഷിക്കേണ്ടത്.

മാനേജ്മെൻറ് ക്വാട്ട, സ്പോർട്സ്/ഭിന്നശേഷി വിഭാഗങ്ങൾ എന്നിവയിലെ പ്രവേശനത്തിനും ഓൺലൈനിൽ അപേക്ഷ നൽകണം. മാനേജ്മെൻറ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ കോളേജുകളിൽ ഓൺലൈൻ ക്യാപ്പ് അപേക്ഷാ നമ്പർ നൽകണം.
(പി.ആർ.ഒ/39/429/2024)

## പരിസ്ഥിതി ദിനം ആചരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ലോക പരിസ്ഥിതി ദിനാചരണം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സെനറ്റ് അംഗം എം.സ്. സുരേഷ്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, എസ്റ്റേറ്റ് ഓഫീസർ ജിംസൺ ജോൺ, പഠന വകുപ്പ് മേധാവികൾ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

.....................

യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ ഓഫ് ഇന്ത്യ മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള ലോക പരിസ്ഥിതി ദിനാചരണം സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, വൈ.എച്ച്.എ കോ-ഓർഡിനേറ്റർ കെ.എസ്. രാഹുൽ, ട്രഷറർ പ്രേംകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ..

ലോക പരിസ്ഥിതി ദിനാചരണം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/430/2024)

## പരീക്ഷാ ഫലം

മൂന്ന്, നാല് സെമസ്റ്ററുകൾ എം.എ സംസ്കൃതം ജനറൽ, സെപ്ഷ്യൽ ന്യായ, വേദാന്ത വ്യാകരണ(പ്രൈവറ്റ് രജിസ്ട്രേഷൻ, 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി മാർച്ച് 2023) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 19 വരെ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

......

അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബികോം(മോഡൽ 1, 2, 3 സ്പെഷ്യൽ അപ്പിയറൻസ് 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ടവർക്കായി നടത്തിയത്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 19 വരെ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/431/2024)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ പഞ്ച വത്സര എൽ.എൽ.ബി(ഓണേഴ്സ്) ആറാം സെമസ്റ്റർ പരീക്ഷ(2020 അഡ്മിഷൻ റഗുലർ, 2019, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി) ജൂൺ 26ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.....

രണ്ടാം സെമസ്റ്റർ എംസിഎ(2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ ജൂൺ 19ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/432/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**